വാഹനാപകടങ്ങൾ ഒഴിവാക്കാൻ കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ

130 [584] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 മേയ് 31 വരെ വാഹന അപകടങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും, ഇത്തരം നടപടികൾ സ്വീകരിച്ച ശേഷം റോഡപകടങ്ങളിൽ കുറവ് വന്നിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും വിശദീകരിക്കാമോ;

(സി) റോഡപകടങ്ങൾ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ഗുരുതരമായി പരിക്കേറ്റവർക്കും കെ.എസ്.ആർ.ടി.സി. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ എത്ര തുക നഷ്ടപരിഹാരമായി കൊടുത്തുതീർത്തുവെന്നും എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2004 മേയ് 31 വരെ 2482 അപകടങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഡ്രൈവർമാർക്ക് ആവശ്യമായ ബോധവൽക്കരണവും കറക്റ്റീവ് ട്രെയിനിംഗും നൽകുന്നുണ്ട്. അമിത വേഗത നിയന്ത്രിക്കാൻ പുതിയ ബസ്സുകളിൽ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ട്. യന്ത്രത്തകരാറുമൂലമുള്ള അപകടങ്ങൾ ഒഴിവാക്കാൻ പുതിയ ബസ്സുകൾ കൂടുതലായി നിരത്തിലിറക്കുന്നുണ്ട്. ഇത്തരം നടപടികൾമൂലം അപകടങ്ങളിൽ കുറവ് വന്നിട്ടുണ്ട്.

(സി) 24 കോടി രൂപ കൊടുത്തു. 5 കോടി രൂപ കുടിശ്ശികയുണ്ട്.

ആലുവ-കോതമംഗലം-മൂന്നാർ റൂട്ടിലെ റോഡപകടങ്ങൾ

131 [585] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ റോഡിൽ ആലുവ-കോതമംഗലം റൂട്ടിൽ തുടർച്ചയായി വാഹനാപകടങ്ങൾ ഉണ്ടാകുന്നതും നിരവധിയാളുകൾ മരണമടയുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം തടയുന്നതിന് നെല്ലിക്കുഴി, ഓടക്കാലി, വാഴക്കുളം എന്നിവിടങ്ങളിൽ പഞ്ചിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) റോഡ് കയ്യേറി വ്യാപാരവും മറ്റും നടത്തുന്നവരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly